"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - വിവര വിജ്ഞാന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഡിജിറ്റൽ മീഡിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൺസെപ്റ്റ് കമ്മ്യൂണിക്കേഷൻസിനെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2192/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/11/2021

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.08.2021-ലെ 1542/ഇ1/2019/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വമിഷന്റെ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഡിജിറ്റൽ മീഡിയ പ്രവർത്തനങ്ങളും പി.ആർ. പ്രവർത്തനങ്ങളും നിലവിൽ സ്വന്തം നിലയിലാണ് കൈകാര്യം ചെയ്ത് വരുന്നതെന്നും, എന്നാൽ ഒരു പ്രൊഫഷണൽ ഏജൻസിയുടെ സഹായം ഇക്കാര്യത്തിൽ ഉണ്ടാകുന്നത് വിവര-വിജ്ഞാന-വ്യാപനത്തിന് കൂടുതൽ സഹായകരമാകുമെന്നും, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്ന കൺസെപ്റ്റ് കമ്യൂണിക്കേഷൻസ് എന്ന സ്ഥാപനം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനായി ചെയ്യുന്ന പ്രവർത്തികളുടെ അതേ നിരക്കിൽ ശുചിത്വമിഷന് വേണ്ടിയും ഡിജിറ്റൽ മീഡിയ പ്രചരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ശുചിത്വമിഷന്റെ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഡിജിറ്റൽ മീഡിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൺസെപ്റ്റ് കമ്യൂണിക്കേഷൻസ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ അംഗീകരിച്ച് ആയതിനായി പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്തിലൂടെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വമിഷന്റെ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഡിജിറ്റൽ മീഡിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൺസെപ്റ്റ് കമ്യൂണിക്കേഷൻസ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ, പ്രവർത്തന ഇനങ്ങളിൽ ആവശ്യകതയ്ക്ക് അനുസരിച്ച് ശുചിത്വമിഷൻ നിശ്ചയിച്ച് നൽകുന്ന പ്രവർത്തികൾ മാത്രം അതത് മാസം ഏജൻസി മുഖേനെ നടപ്പിലാക്കേണ്ടതാണെന്നും ആയതിനുള്ള ചെലവ് തുക മാത്രം അതത് മാസം നൽകേണ്ടതും, സ്വച്ഛ ഭാരത് മിഷൻ (അർബൻ) സ്കീമിലെ ഐ.ഇ.സി. ഘടകത്തിൽ നിന്നും ആയതിനുള്ള തുക കണ്ടെത്തേണ്ടതുമാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന ബഡ്ജറ്റ് വിശദാംശങ്ങൾ അംഗീകരിച്ചും കൺസെപ്റ്റ് കമ്യൂണിക്കേഷൻസിനെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

| Digital Creatives* | Item | Rate per item in Rs. | Number of Posts | Overall Cost in Rs. |
|---|---|---|---|---|
| | Facebook | 445 | 30 | 13350 |
| | Instagram | 445 | 30 | 13350 |

| | | | | |
|---|---|---|---|---|
| | | | | |
| Digital Creatives* | Twitter | 445 | 30 | 13350 |
| | Linkedin | 445 | 30 | 13350 |
| | Telegram | 445 | 30 | 13350 |
| | WhatsApp | 445 | 30 | 13350 |
| | Youtube/Instagram/Facebook videos (up to 2 mins) | 25000 | 10 | 250000 |
| | Youtube/Instagram/Facebook videos (up to 20 mins) | 100000 | 1 | 100000 |
| Print Creatives* | English artwork | 1000 | 3 | 3000 |
| | Malayalam artwork | 2000 | 3 | 6000 |
| Web content* | Biogas- Malayalam | 5000 | 10 | 50000 |
| | Biogas - English | 3000 | 10 | 30000 |
| | Outdoor Campaign design | 25000 | 3 | 75000 |
| | Total | 163670 | | 594100 |
| | GST @ 18% | | | 106938 |
| | Grand Total | | | 701038 |
| | | (Seven lakh one thousand and thirty eight only) | | |

*As per I&PRD approved rate

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I) / (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ.& പി.ആർ.(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.